# KERALA STATE ELECTRICITY REGULATORY COMMISSION

KPFC BHAVANAM, C.V. RAMAN PILLAI ROAD, VELLAYAMBALAM,
THIRUVANANTHAPURAM, KERALA, PIN 695 010

Phone: 0471 273 5544, FAX 0471 273 5599, Website: www.erckerala.org
E-mail: kserc@erckerala.org

No.0609/D(T)/2018/KSERC/ 21st October 2019

സ്വീകർത്താവ്,

ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ്
ഗവൺമെന്റ് ഓഫ് കേരള, തിരുവനന്തപുരം

സർ,

വിഷയം: പത്രക്കുറിപ്പ് - കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച പുതുക്കിയ കരട് റെഗുലേഷനുകൾ - സംബന്ധിച്ച്

സൂചന: 18.10.2019 തീയതിയിലെ ഇതേ നമ്പർ കത്ത്

കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കരട് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (റിന്യൂവബിൾ എനർജി ആന്റ് നെറ്റ് മീറ്ററിംഗ്) റെഗുലേഷൻസ, 2019, കരട് കേരള ഇലക്ട്രിസിറ്റി സപ്ളൈ കോഡ് (ഭേദഗതി) റെഗുലേഷൻസ്, 2019 എന്നീ റെഗുലേഷനുകളുടെ പബ്ളിക്ക്ഹിയറിംഗ് 22.10.2019ന് എറണാകുളം ടൗൺഹാളിൽ വച്ചും 24.10.2019ന് തിരുവനന്തപുരത്തുള്ള കമ്മീഷന്റെ ആസ്ഥാനത്തുവച്ചും നടത്തുവാൻ നിശ്ചയിച്ചിരുന്നു. ഇതു സംബന്ധിച്ച പത്രക്കുറിപ്പ് മേൽസൂചനപ്രകാരം താങ്കളുടെ അറിവിലേക്ക് അയച്ചിരുന്നു. എന്നാൽ പ്രതികൂലമായ കാലാവസ്ഥയെതുടർന്ന് എറണാകുളം ടൗൺഹാളിൽ 22.10.2019ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന പബ്ളിക്ക് ഹിയറിംഗ് മറ്റൊരു ദിവസത്തേക്ക് മാറ്റിയിട്ടുള്ളതും തിരുവനന്തപുരത്ത് കമ്മീഷന്റെ ആസ്ഥാനത്ത് 24.10.2019ന് നടത്തുന്ന പബ്ളിക്ക് ഹിയറിംഗ് മാറ്റമില്ലാത്തതുമാകുന്നു. അതിനാൽ ഈ വാർത്ത പൊതുജനങ്ങളുടെ അറിവിലേക്കായി 22-ാം തീയതിയിലെ പ്രധാനപ്പെട്ട എല്ലാ വാർത്താ മാധ്യമങ്ങളിലും (എല്ലാ എഡിഷനുകളിലും) പ്രാധാന്യത്തോടെയുള്ള വാർത്തയായി പ്രസിദ്ധപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി

ഉള്ളടക്കം: പത്രക്കുറിപ്പ്

**KERALA STATE ELECTRICITY REGULATORY COMMISSION**
KPFC BHAVANAM, C.V. RAMAN PILLAI ROAD, VELLAYAMBALAM,
THIRUVANANTHAPURAM, KERALA, PIN 695 010

Phone: 0471 273 5544, FAX 0471 273 5599, Website: www.erckerala.org
E-mail: kserc@erckerala.org

## പത്രക്കുറിപ്പ്

21.10.2019

കരട് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (റിന്യൂവബിൾ എനർജി ആന്റ് നെറ്റ്മീറ്ററിംഗ്) റെഗുലേഷൻസ്, 2019, കരട് കേരള ഇലക്ട്രിസിറ്റി സപ്ളൈ കോഡ് (ഭേദഗതി) റെഗുലേഷൻസ്, 2019 എന്നിവയിന്മേൽ എറണാകുളം ടൗൺഹാളിൽ വച്ച് 22.10.2019–ൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന പബ്ളിക്ക് ഹിയറിംഗ് പ്രതികൂല കാലാവസ്ഥ കാരണം മറ്റൊരു ദിവസത്തേക്ക് മാറ്റി വച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് പ്രസിദ്ധപ്പെടുത്തുന്നതാണ്. 24.10.2019ന് തിരുവനന്തപുരത്ത് കമ്മീഷന്റെ ആസ്ഥാനത്ത് വച്ച് നടത്തുവാൻ നിശ്ചയിച്ചിരുന്ന പബ്ളിക്ക് ഹിയറിംഗിന് മാറ്റമില്ല. പ്രസ്തുത കരടുകൾ കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) പ്രസിദ്ധീകരിച്ചിട്ടുണ്ട്. 24.10.2019 തീയതിയിൽ നടത്തുന്ന പബ്ളിക്ക് ഹിയറിംഗ് പൊതുജനങ്ങൾക്കും മറ്റു ബന്ധപ്പെട്ടവർക്കും പങ്കെടുക്കാവുന്നതും അവരുടെ അഭിപ്രായങ്ങൾ ബോധിപ്പിക്കാവുന്നതുമാണ്.

സെക്രട്ടറി